5 ഗർഭച്ഛിദ്രം നടത്തേണ്ടിവരികയാണെങ്കിൽ സർക്കാർ ആസ്പത്രികളിൽ വിദഗ്ദ്ധ ശുശ്രൂഷയ്ക്കുകീഴിൽ അതു നടത്തുക.

6 അമ്മയുടെ ആരോഗ്യമാണ കുടുംബത്തിന്റെ ആരോഗ്യം എന്നു് എപ്പോഴും ഓർക്കുക.

(18 ഒക്ടോബർ, 1987)

# 90. സരോഗസി

മേരി ബേത്ത് വൈററ് ഹെഡ് എന്ന അമേരിക്കക്കാരിക്ക് പണം വേണമായിരുന്നു. മുഴുക്കുടിയനായിരുന്ന അവളുടെ ഭർത്താവ് റിച്ചാർഡ് വൈററ്ഹെഡ്, കുടിച്ചു് കാറോടിച്ചതിനു പലകുറി ശിക്ഷിക്കപ്പെട്ട അയാളുമായി വിവാഹമോചനം നടത്തണമോ എന്നു് മേരിബേത്ത് ആലോചിച്ചിട്ടുണ്ടു്; ചിലപ്പോഴൊക്കെ അവർ പരസ്പരം വേർപെട്ടു താമസിച്ചിട്ടുമുണ്ടു്. കടം വന്നു മുടിഞ്ഞ വൈററ് ഹെഡ് ദമ്പതികൾ ഒരിക്കൽ പാപ്പർമാരായി പ്രഖ്യാപിക്കപ്പെട്ടു. കുറേക്കാലം സർക്കാരിന്റെ തൊഴിലില്ലായ്മവേതനം വാങ്ങി കഴിഞ്ഞുകൂടി. രണ്ടു കുട്ടികളുടെ അമ്മയായശേഷവും മേരിബേത്തിനു് കുറേക്കാലം ഒരു മദ്യശാലയിൽ നർത്തകിയുടെ തൊഴിൽ ചെയ്യേണ്ടിവന്നു. ഇപ്പോൾ ഒരു ശുചീകരണജോലിക്കാരനായ വൈററ്ഹെഡിനു് ആണ്ടിൽ ഇരുപത്തെണ്ണായിരം ഡോളർ മാത്രമേ വരുമാനമുള്ളു. ഇതു് അവരുടെ കുടുംബത്തെ പുലർത്താൻ പര്യാപ്തമല്ല; പ്രത്യേകിച്ചും വൈററ്ഹെഡിന്റെ മദ്യപാനാസക്തി കണക്കിലെടുക്കുമ്പോൾ.

മേരിബേത്തിനു് പണം കൊടുത്തു സഹായിക്കാൻ വില്യം സ്റ്റേൺ എന്ന ജൈവരസതന്ത്രജ്ഞനും അയാളുടെ ഭാര്യയായ എലിസബത്ത് സ്റ്റേൺ എന്ന ഡോക്ടറും തയ്യാറായി. വെറുതെയല്ല. മേരിബേത്ത് അവർക്കൊരു സഹായം ചെയ്തുകൊടുക്കണം. സഹായം എന്തെന്നല്ലേ?

ഡോ. എലിസബത്തിനു് 'ബഹുമുഖസിരാകാഠിന്യം' (മൾട്ടിപ്പ്ൾ സ്ക്ളെറോസിസ്) എന്ന രോഗമുണ്ടായിരുന്നു. ഈ രോഗം ഉണ്ടായിരിക്കേ ഗർഭം ധരിച്ചാൽ തനിക്കു് പക്ഷാഘാതം (പരാലിസിസ്) വന്നുപെട്ടേക്കുമോ എന്നു് ആ സ്ത്രീ ഭയന്നു. അതേസമയം, തങ്ങൾക്കു് ഒരു കുട്ടി വേണമെന്ന കലശലായ ആഗ്രഹം സ്റ്റേൺ ദമ്പതികൾക്കു് ഉണ്ടായിരുന്നു. ആ കുട്ടിയുടെ പിതാവു് വില്യം സ്റ്റേൺതന്നെ ആയിരിക്കണമെന്നും അവർ ആഗ്രഹിച്ചു. പണം വാങ്ങി, പത്തുമാസത്തേക്കു് തന്റെ ഗർഭപാത്രം വാടകയ്ക്കുകൊടുക്കാൻ തയ്യാറുള്ള ഏതെങ്കിലും സ്ത്രീയുടെ സഹായം തേടുവാൻ, ഈ പരിതഃസ്ഥിതിയിൽ സ്റ്റേൺ ദമ്പതികൾ ശ്രമിച്ചു.

അവരെ സഹായിക്കാൻ മേരിബേത്ത് മുന്നോട്ടുവന്നു. 1985–ാമാണ്ടിന്റെ പ്രാരംഭത്തിൽ, മേരിബേത്തും സ്റ്റേൺ ദമ്പതിമാരും അമേരിക്കയിലെ ന്യൂജേർസി നഗരത്തിലെ ഒരു അറ്റോർണിയുടെ മുമ്പിൽ വെച്ചു് ഒരു വാടകക്കരാറിൽ ഒപ്പുവെച്ചു. കരാർപ്രകാരം മേരിക്കു് സ്റ്റേൺ ദമ്പതിമാർ പതിനായിരം ഡോളർ കൊടുത്തു. ഇതിനു് പ്രതിഫലമായി, വില്യം സ്റ്റേണിന്റെ ബീജം തന്റെ ഗർഭപാത്രത്തിൽ ഒരു വിദഗ്ദ്ധ ഡോക്ടർ നിക്ഷേപിക്കുന്നതിനു് മേരിബേത്ത് വൈററ്ഹെഡ് വഴങ്ങി

ക്കൊടുത്തു. ഈ കൃത്രിമബീജാധാനം മേരിയെ മൂന്നാമതും ഗർഭിണിയാക്കി. യഥാകാലം അവരം ഒരു പെൺകുട്ടിയെ പ്രസവിച്ചു.

പക്ഷേ, കുട്ടിയുടെ കരച്ചിൽ കേട്ടപ്പോരം അമ്മയുടെ മനസ്സുമാറി. കരാറുപ്രകാരം സ്റ്റേൺ ദമ്പതിമാർക്കു് കുഞ്ഞിനെ കൊടുക്കാൻ മേരിബേത്ത് വിസമ്മതിച്ചു. സ്റ്റേൺ ദമ്പതിമാർ സങ്കടനിവൃത്തിക്കു് കോടതിയെ സമീപിച്ചു. അപ്പോരം മേരിബേത്ത് കുട്ടിയേയുംകൊണ്ടു് ഫ്ളോറിഡ സിററിയിലേക്കു് ഒളിച്ചുപോയി. എങ്കിലും അവരം കണ്ടുപിടിക്കപ്പെട്ടു.

കുട്ടിയുടെ ഉടമ ആരെന്നതിനെസ്സംബന്ധിച്ചുള്ള അസാധാരണമായ കേസ് 1987 ജനവരി മുതൽ ന്യൂജെർസിയിലെ കീഴ്ക്കോടതിയിൽ നടന്നു. രണ്ടുഭാഗത്തും ഒട്ടേറെ വിദഗ്ദ്ധരായ വക്കീലന്മാർ ഹാജരായി. ഒടുവിൽ, 1987 ഏപ്രിൽ ആദ്യത്തിൽ, മേരിബേത്തിൻെറ കുഞ്ഞിനു് ഒരു വയസ്സു തികഞ്ഞു നാലാം ദിവസം, അവളെ സ്റ്റേൺ ദമ്പതിമാർക്കു നൽകിക്കൊണ്ടു് ന്യൂജെർസിയിലെ ജഡ്ജി വിധി പ്രസ്താവിച്ചു. 'സാറാ' എന്നു് പെററമ്മ മേരിബേത്ത് പേരിട്ടിരുന്ന ഈ കുട്ടിക്കു്, അവളുടെ നിയമപരമായ പുതിയ വ്യക്തിത്വം പ്രകടമാക്കുമാറു്, മെലിസ്സസ്റ്റേൺ' എന്ന പേർ ഈ ജഡ്ജി നൽകി. പെററമ്മയ്ക്കു്, കുട്ടിയോടു തോന്നുന്ന സ്വാഭാവികമായ സ്നേഹത്തേക്കാരം പ്രാമാണ്യം കല്പിക്കേണ്ടതു്, ആ സ്ത്രീ സ്റ്റേൺദമ്പതിമാർക്കു് സ്വമേധയാ എഴുതിക്കൊടുത്ത കരാറിനാണെന്നു് ജഡ്ജി പ്രസ്താവിച്ചു. സ്റ്റേൺ ദമ്പതിമാരുടെ വീട്ടിൽച്ചെന്നു് കുട്ടിയെ സന്ദർശിക്കാൻ പെററമ്മയ്ക്കു് അനുവാദം അദ്ദേഹം നിഷേധിക്കുകയുംചെയ്തു. ഈ വിധിക്കെതിരെ മേരിബേത്ത് ന്യൂജെർസിയിലെ സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടു്. 'അവരം എൻെറ കുഞ്ഞാണു്; എൻെറ മാംസം; എൻെറ രക്തം! അവളെ എന്നിൽനിന്നു് അകററാൻ ഒരു ജഡ്ജിക്കും അധികാരമില്ല' എന്നതാണു് മേരിബേത്തിൻെറ നിലപാടു്.

അസാധാരണമായ ഈ കേസ്സു് പല പ്രശ്നങ്ങളും ഉയർത്തിയിട്ടുണ്ടു്. അവയിൽ ചില പ്രശ്നങ്ങരം തികച്ചും നിയമപരങ്ങളാണെങ്കിൽ, മററു ചില പ്രശ്നങ്ങരം മനശ്ശാസ്ത്രപരങ്ങളും നൈതികങ്ങളും മതപരങ്ങളുമത്രേ.

'സ്ത്രീയുടെ ഗർഭപാത്രം വയലും പുരുഷൻെറ ബീജം വിത്തുമാകുന്നു. വിത്തു് ആരുടെയോ, അവനാണു് വിളയ്ക്കു് അവകാശി' എന്ന അർത്ഥത്തിലൊരു പ്രസ്താവം മനുസ്മൃതിയിലുണ്ടു്. മനുവിൻെറ ഈ വാദഗതിയാണു് ന്യൂജെർസിയിലെ ജഡ്ജി ഈ കേസിൽ അംഗീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഉഭയസമ്മതപ്രകാരം എഴുതി ഒപ്പിട്ട കരാറിനാണല്ലോ അദ്ദേഹം പ്രാമാണ്യം കല്പിച്ചതു്. കരാറിലുള്ളതു് മനുസ്മൃതിയിലെ സിദ്ധാന്തവുമാണു്.

കുറെ പണം കൈയിലുണ്ടെന്നതുകൊണ്ടുമാത്രം ഒരാരംക്കു് പാവപ്പെട്ട ഒരു സ്ത്രീയുടെ ഗർഭപാത്രം വാടകയ്ക്കെടുക്കാമെങ്കിൽ, 'മനുഷ്യൻെറ അന്തസ്സു്', പ്രത്യേകിച്ചു് 'സ്ത്രീയുടെ അന്തസ്സു്' വെറും മിഥ്യയാവില്ലേ? മാത്രമല്ല, ഗർഭപാത്രംപോലെ തങ്ങളുടെ മററു് അവയവങ്ങളും മനുഷ്യർ വിററുതുടങ്ങുകയുമില്ലേ? കണ്ണു്, ചെവി, കിഡ്നി, ശ്വാസകോശം—ഇരട്ടയായുള്ള ഏതവയവങ്ങളിലും ഒന്നു്—വില്ക്കാൻ ആളുകളുണ്ടായേക്കും. മനുഷ്യാവയവങ്ങരംകൊണ്ടുള്ള ഈ കച്ചവടം അനുവദിക്കാമോ?

വാടകയ്ക്കെടുത്ത ഗർഭപാത്രത്തിൽ 'വിളഞ്ഞ' കുട്ടിക്കു് ബുദ്ധിവെക്കുമ്പോരം, തൻെറ അസാധാരണമായ ഉല്പത്തിയെപ്പററിയുള്ള അറിവു്

ആ കുട്ടിയെ എങ്ങനെ ബാധിക്കും? തന്റെ പിതാവ് വാടകയ്ക്കെടുത്ത ഒരു ഗർഭപാത്രത്തിലാണ് താൻ ജീവിതത്തിലെ ആദ്യത്തെ പത്തുമാസം കഴിച്ചുകൂട്ടിയതെന്ന് അറിയുന്ന കുട്ടിക്കുണ്ടാകുന്ന മാനസികാഘാതം ഏതു തരത്തിലുള്ളതായിരിക്കും?

മതച്ചടങ്ങുകൾകൊണ്ടു സ്വയം വിശുദ്ധീകരിച്ചശേഷമേ ദമ്പതിമാർ സന്താനോല്പാദനം നടത്താവൂ എന്ന ധാരണ എല്ലാ മതങ്ങളും പ്രചരിപ്പിക്കുന്നുണ്ട്. വിധിപ്രകാരം വിവാഹം കഴിക്കാത്ത സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലൈംഗികബന്ധം വ്യഭിചാരമാണ്; മതങ്ങളുടെ ദൃഷ്ടിയിൽ ശിക്ഷാർഹവുമാണ് ആ ബന്ധം. വിവാഹത്തിന്റെ ലക്ഷ്യം സന്താനോല്പാദനമാണെന്ന് ഹിന്ദുധർമം അനുശാസിക്കുന്നു. 'പ്രജാമൈ ഗൃഹമേധിനാം' എന്ന കാളിദാസവചനം പ്രസിദ്ധമാകുന്നു. സെക്സും സന്താനോല്പാദനവും തമ്മിലുള്ള ബന്ധം വിടർത്തുന്നതിനെ ഈയിടെ മാർപ്പാപ്പയും തുറന്നെതിർത്തിട്ടുണ്ട്. സന്താനനിയന്ത്രണത്തെ കത്തോലിക്കമതം അനുകൂലിക്കാത്തതു്, അതു് സെക്സിനെ സന്താനോല്പാദനത്തിൽനിന്നു വിമോചിപ്പിച്ച്, കേവലമായ സുഖഭോഗമാക്കുന്നു എന്നതിനാലാണത്രേ.

ഭർത്താവിന് പ്രജനനശക്തിയില്ലെങ്കിൽ, ഭർത്താവിന്റെ ബന്ധുക്കളിൽനിന്ന് ഗർഭം ധരിച്ച് ഭാര്യ വംശപരമ്പര നിലനിർത്തണമെന്ന വിശ്വാസം പല പ്രാചീന ജനതകൾക്കുമുണ്ടായിരുന്നു. ഈ വിശ്വാസമാണ് പാണ്ഡവന്മാരുടെ ഉല്പത്തികഥയ്ക്കു പിന്നിലുള്ളതു്. 'നിയോഗം' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ സന്താനോല്പാദനസമ്പ്രദായത്തെ സ്മൃതികാരനായ മനു അനുകൂലിക്കുന്നുണ്ട്.

പരപുരുഷന്റെ ശാരീരികസംയോഗമില്ലാതെതന്നെ, ഭർത്താവല്ലാത്ത മറ്റൊരാളുടെ ബീജം സ്ത്രീയുടെ ഗർഭപാത്രത്തിൽ നിക്ഷേപിക്കുകയെന്ന സമ്പ്രദായം നടപ്പിൽവന്നതു് താരതമ്യേന അടുത്തകാലത്താണ്. ഈ ആവശ്യത്തിനു ശുക്ലം നൽകുന്ന വ്യക്തികളുടെ വിവരം, ഭാവിയിലുണ്ടായേക്കാവുന്ന പല കുഴപ്പങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി, രഹസ്യമായി സൂക്ഷിക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നതു്.

വന്ധ്യകളല്ലെങ്കിലും ഗർഭധാരണത്തിനു കഴിവോ, താല്പര്യമോ ഇല്ലാത്ത സ്ത്രീകളുടെ അണ്ഡവാഹിനി (ഓവറി)കളിൽനിന്ന് അണ്ഡം പുറത്തെടുത്തു്, ടെസ്റ്റ്ട്യൂബിൽവെച്ച് അതു് പുരുഷബീജവുമായി സംയോജിപ്പിച്ച്, വാടകയ്ക്കെടുത്ത ഒരു ഗർഭപാത്രത്തിൽ ഈ സിക്താണ്ഡം നിക്ഷേപിച്ച് വളർത്തി, സ്വാഭാവികമായ പ്രസവത്തിലൂടെയോ, ശസ്ത്രക്രിയയിലൂടെയോ കുഞ്ഞിനെ പുറത്തെടുക്കുന്നതിനെപ്പറ്റിയും നാം ധാരാളമായി കേട്ടുതുടങ്ങിയിരിക്കുന്നു. ഇത്തരം ശിശുക്കളാണ് 'ടെസ്റ്റ് ട്യൂബ് ബേബികൾ' എന്ന് അറിയപ്പെടുന്നതു്. മറ്റൊർക്കുവേണ്ടിയുള്ള ഈമാതിരി ഗർഭധാരണത്തെ ഇംഗ്ലീഷിൽ 'സരോഗസി' എന്നു പറയുന്നു. ഇതൊരു പുതിയ വാക്കാണ്.

ഈതരം ഗർഭധാരണത്തിന്റെ ന്യായാന്യായതകളെപ്പറ്റി നാം ഇനിയങ്ങോട്ട് ധാരാളം കേൾക്കും. വളർന്നുവരാനിരിക്കുന്ന ഒരു വിവാദത്തിലെ ആദ്യഘട്ടമാണ് ന്യൂജെർസി കോടതിയിൽ ഇപ്പോൾ അരങ്ങേറിയിട്ടുള്ളതു്.

(17 മെയ്, 1987)